## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2579 — 18.08.2017-ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരമന - കളിയിക്കാവിള ദേശീയപാതയ്ക്ക് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) ദേശീയപാത - 47 ലെ കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വീതി കൂട്ടി നാലുവരിപാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി. മീ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യത്തെ 5 കി. മീറ്ററിന് 266.87 കോടി രൂപയുടെയും ശേഷിക്കുന്ന 1.5 കി. മീ. ന് 98.10 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി. മീ. ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 95% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 31 നകം ടി നടപടികൾ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്കവരെയുള്ള 1.5 കി. മീ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ പുതിയ RFCTLARR 2013 ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടി ആരംഭിക്കാൻ കഴിഞ്ഞോ; പ്രസ്തുത സ്ഥലത്തിന്റെ ഡിസൈനിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) കരമന - കളിയിക്കാവിള നാലുവരിപ്പാത വികസനത്തിന്റെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ വികസനത്തിനായി വിശദമായ പദ്ധതി രൂപരേഖ പൊതുമരാമത്ത് പ്രോജക്ട് പ്രിപ്പറേഷൻ വിഭാഗം തയ്യാറാക്കി വരുന്നു. ഡി.പി.ആർ. തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ദേശീയപാതയുടെ വീതി കൂട്ടുന്നതിന് ടെൻഡർ നടപടി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | കരമന - കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ ഭാഗത്തിന്റെ വികസനത്തിനായി കിഫ്ബി മുഖേന 153.00 കോടി രൂപയ്ക്ക് ഉത്തരവ് 18/11/2016-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി. മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആഗസ്റ്റ് 31 നകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി. മീ. ഭാഗത്തെ സ്ഥലം ഏറ്റെടുപ്പ് പുതിയ RFCTLARR 2013 അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. പദ്ധതി നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കാൻ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി. മീ. ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | കരമന - കളിയിക്കാവിള ദേശീയപാതയിൽ കടകൾ നടത്തി ഉപജീവനം നടത്തിയിരുന്നവർക്കും, അവിടെ പണി ചെയ്തിരുന്ന തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2017-ൽ തന്നെ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) | കരമന - കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെടുന്ന കട-നടത്തിയിരുന്നവർക്കും തൊഴിലാളികൾക്കും 15/11/2011 ലെ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്സ്) 419/2011 ആർ.ഡി പ്രകാരമുള്ള പുനരധിവാസ പാക്കേജ് അനുസരിച്ച് ആനുകൂല്യങ്ങൾ നൽകിവരുന്നു. ആയത് ഈ വർഷം തന്നെ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**